# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 925 — 01.03.2017 -ൽ മറുപടിയ്ക്ക്

## ചാലക്കുടി പുഴയിൽ സ്റ്റോറേജ് ഡാമുകൾ

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**

മാത്യു ടി തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | ചാലക്കുടി പുഴയിൽ തുമ്പൂർമുഴിയ്ക്ക് മുകളിലായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | എ) | ചാലക്കുടി പുഴയിൽ തുമ്പൂർമുഴി വിയറിന് 3 കി.മീ. മുകളിലും 12 കി.മീ. മുകളിലുമായി നിർമ്മിക്കുന്ന 2 സ്റ്റോറേജ് ഡാമുകളുടെ സോയിൽ ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി പരിശോധിച്ചു വരുന്നു. |
| ബി) | ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) & സി) | 1) ചാലക്കുടിപ്പുഴയിൽ മേലൂർ പരിയാരം പഞ്ചായത്തുകൾക്കിടയിലായി തട്ടുപാറയിൽ കോവിലകം കടവിന് സമീപത്ത് നിർമ്മാണം നിലച്ചുപോയ തടയണയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2) മേലൂർ പഞ്ചായത്തിനും ചാലക്കുടി മുനിസിപ്പാലിറ്റിക്കും ഇടയിൽ മിക്കുന്നിൽ ചാലക്കുടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മാണത്തിനായുള്ള, 6.20 ലക്ഷം രൂപയുടെ പര്യവേഷണപ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്നും നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ? | | |

| | | | | |
|---|---|---|---|---|
| | | | | 3) അന്നമനട പഞ്ചായത്തിൽ പാല്യപുഴക്കടവിൽ ചാലക്കുടിപ്പുഴയ്ക്കു കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള, 7.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി പരിശോധിച്ചു വരുന്നു.<br><br>4) മേലൂർ പരിയാരം പഞ്ചായത്തുകൾക്കിടയിലായി ചാലക്കുടി പുഴയ്ക്ക് കുറുകെ കയ്യാനിക്കടവിന് മുകൾഭാഗത്തായി തടയണനിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തിയുടെ 7.65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**